(1)	(2)	(3)	(4)
9	വള്ളികുന്നം	വള്ളിക്കുന്നം കടുവിനാൽ എസ്.സി.ബി.	1
10	ചെട്ടിക്കുളങ്ങര	പെരിങ്ങാല എസ്.സി.ബി	1
		ഈരേഴ എസ്.സി.ബി	1
		കണ്ണമംഗലം എസ്.സി.ബി	1
		മേനാമ്പള്ളി എസ്.സി.ബി	1
11	മാവേലിക്കര മുനിസിപ്പാലിറ്റി.	മോട്ടോർ തൊഴിലാളി ക്ഷേമ സി.എസ്. 1102	1
	ആകെ		28

മേൽപരാമർശിച്ചിരിക്കുന്നതിൽ സാമ്പത്തികമായി ഭാരിച്ച നഷ്ടം ഉണ്ടാക്കുന്ന നന്മ സ്റ്റോറുകൾ എല്ലാം നിർത്തലാക്കാനാണ് ഭരണസമിതി തീരുമാനിച്ചിരിക്കുന്നത്. നീതി സ്റ്റോറുകൾ ഒന്നും അടച്ചു പൂട്ടാൻ തീരുമാനിച്ചിട്ടില്ല.

(ഡി) കൺസ്യൂമർഫെഡ് നടത്തുന്ന സ്ഥാപനങ്ങളിൽ തീരെ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഇത്തരത്തിൽ പ്രവർത്തനം തുടർന്നാൽ ഫെഡറേഷന് സാമ്പത്തിക മാന്ദ്യം വർദ്ധിക്കുന്നതിനുമാത്രം സഹായകമാകുമെന്ന അവസ്ഥിയിലുള്ളവയുമായ സ്ഥാപനങ്ങളെയാണ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി തീരുമാനം പിൻവലിക്കുന്നത് ഫെഡറേഷന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ് എന്നതിനാൽ അത്തരത്തിലൊരു തീരുമാനം കൈക്കൊള്ളുവാൻ ഇപ്പോൾ കഴിയില്ല.

(ഇ) താമരക്കുളത്ത് ത്രിവേണി ഗോഡൗൺ നിലവിലല്ല.

നന്മ സ്റ്റോറുകൾ

77 (423) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആകെ എത്ര 'നന്മ' സ്റ്റോറുകൾ ആരംഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ ; ഇതിൽ ആകെ എത്ര ജീവനക്കാർ നിയമിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കാമോ ; ഇപ്പോൾ ആകെ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് കൺസ്യൂമർഫെഡ് നേരിട്ട് ആരംഭിച്ചിട്ടുള്ള 869 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന 131 നന്മ സ്റ്റോറുകളും ഉൾപ്പെടെ ആകെ 2180 നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ്

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ട് നടത്തുന്ന ഓരോ നന്മ സ്റ്റോറിലും ശരാശരി രണ്ട് ജീവനക്കാർ വീതം നിയമിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ആകെ 1720 ജീവനക്കാരാണ് ഉള്ളത്. സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ അതാതു സംഘത്തിലെ ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്. ഇപ്പോൾ ആകെ 1611 നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ	സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകൾ
തിരുവനന്തപുരം	119	130
കൊല്ലം	193	165
ആലപ്പുഴ	135	51
പത്തനംതിട്ട	69	108
കോട്ടയം	33	12
ഇടുക്കി	31	27
എറണാകുളം	57	20
തൃശ്ശൂർ	40	39
പാലക്കാട്	53	19
മലപ്പുറം	74	25
കോഴിക്കോട്	20	40
വയനാട്	9	23
കണ്ണൂർ	19	50
കാസർഗോഡ്	8	42
ആകെ	860	751

നന്മ, ത്രിവേണി സ്റ്റോറുകൾ

78 (424) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ ആരംഭിച്ച എത്ര നന്മ/ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ ഏറിയ പങ്കും വില്പനക്ക് വേണ്ടത്ര സാധനങ്ങളില്ലാതെ, കാര്യമായ വിറ്റുവരവില്ലാതായ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly